നമ്പർ.സി1/ഇ-128348/ടിസി/2020

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയതി: 20.03.2020

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം:- ***മോട്ടോർ വാഹന വകുപ്പ്*** – വാഹനങ്ങളുടെ Emission Standard Bharat Stage IV -ൽ നിന്നും Bharat Stage VI –ലേയ്ക്ക് മാറുന്നതോടനുബന്ധിച്ച് 16.03.2020 തീയതിയിൽ നല്കിയ നിർദ്ദേശങ്ങളിന്മേൽ വ്യക്തത നൽകുന്നത് – സംബന്ധിച്ച്

സൂചന:- 16.03.2020 തീയതിയിലെ നിർദ്ദേശങ്ങൾ.

16.03.2020 തീയതിയായി വാഹനങ്ങളുടെ Emission Standard Bharat Stage IV -ൽ നിന്നും Bharat Stage VI ലേയ്ക്ക് മാറുന്നതോടനുബന്ധിച്ച് ഇത്തരം വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ കുറച്ചുകൂടി വ്യക്തത വരുത്തേണ്ടത് ആവശ്യമായി വന്നിരിക്കുന്നതിനാൽ കൂടുതൽ വ്യക്തതയ്ക്കു വേണ്ടി താഴെപ്പറയുന്ന കാര്യങ്ങൾ അറിയിക്കുന്നു.

1) 16.03.2020 –നു മുമ്പ് വിവിധ ഓഫീസുകളിൽ വിവിധ പോരായ്മകൾ മൂലം രജിസ്ട്രേഷൻ നൽകുവാനാകാതെയിരിക്കുന്ന വാഹനങ്ങൾ അത്തരം പോരായ്മകൾ പരിഹരിച്ചതിനു ശേഷം മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുവാൻ പാടുള്ളൂ.

2) നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾ(മോട്ടോർ കാർ/മോട്ടോർ സൈക്കിൾ) വാഹന പരിശോധന കൂടാതെ താൽകാലിക രജിസ്ട്രേഷൻ അനുവദിയ്ക്കുന്നതിനോടൊപ്പം തന്നെ സ്ഥിര രജിസ്ട്രേഷനും ചെയ്തു നൽകേണ്ടതാണ്. ഈ വാഹനങ്ങൾ പിന്നീട് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല.

3) ബോഡിയോടുകൂടി വിൽക്കപ്പെടുന്ന(Built Vehicles) ട്രാൻസ്പോർട്ട് വാഹനങ്ങൾ താൽകാലിക രജിസ്ട്രേഷൻ അനുവദിയ്ക്കുന്നതിനോടൊപ്പം പരിശോധന കൂടാതെ രജിസ്റ്റർ ചെയ്യാമെങ്കിലും ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആവശ്യമായ VLTDS, Speed Governor എന്നിവ ഘടിപ്പിച്ചതിനു ശേഷം വീണ്ടും പരിശോധനയ്ക്ക് ഹാജരാക്കിയാൽ മാത്രമേ, സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കാവൂ.

വിശ്വസ്തതയോടെ,

20/3

ട്രാൻസ്പോർട്ട് കമ്മീഷണർ

20/3/2020